**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 76** **07-12-2022 - ൽ മറുപടിയ്ക്ക്**

**അതിദരിദ്രരില്ലാത്ത സമൂഹം രൂപപ്പെടുത്തുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അതിദരിദ്രരില്ലാത്ത സമൂഹം രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തിനായി സാമൂഹികമായും സാമ്പത്തികമായും പിന്നിലായ അരുന്ധതിയാർ, ചക്കിലിയൻ, നായാടി, കള്ളാടി, വേടൻ എന്നീ സമുദായങ്ങളെ കാലത്തിനൊത്ത് പ്രാപ്തരാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | അരുന്ധതിയാർ, ചക്കിലിയൻ, നായാടി, കള്ളാടി, വേടൻ എന്നീ ദുർബല വിഭാഗങ്ങളുടെ പുനരധിവാസത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസന വകുപ്പ് കുടുംബാധിഷ്ഠിത സൂക്ഷ്മതല മൈക്രോപ്ലാനിംഗ് പദ്ധതിക്കു 19/08/2022 ലെ സ.ഉ (കൈ)നം.40/2022/ പ.ജ.പ.വ.വി.വ പ്രകാരം രൂപം നൽകിയിട്ടുണ്ട്.<br><br>ടി കുടുംബങ്ങളുടെ പിന്നാക്കാവസ്ഥക്കു ശാശ്വത പരിഹാരം കണ്ടെത്തുന്നതിനു സുസ്ഥിര വരുമാന വർധന പരിപാടികളും സാമൂഹ്യക്ഷേമ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് ലക്ഷ്യം വെക്കുന്നത്. ഓരോ കുടുംബത്തിനും ആവശ്യമായ പദ്ധതികൾ എന്തൊക്കെയെന്ന് കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിലൂടെ കണ്ടെത്തുകയും അവരുടെ ആവശ്യങ്ങൾ ക്കനുസൃതമായി ടി കുടുംബങ്ങളുടെ സജീവ പങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുകയാണ് പദ്ധതിയുടെ സമീപനരീതി . ഈ പദ്ധതിയെ Household Oriented Micro Planning for Empowerment (HOME) എന്ന പേരിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത് . |
| (ബി) | ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ എങ്ങനെ തെരഞ്ഞെടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രാരംഭഘട്ടത്തിൽ സംസ്ഥാന സർക്കാർ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള |

| | | | |
|---|---|---|---|
| | | | അതിദാരിദ്ര്യ കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ട ദുർബലവിഭാഗ കുടുംബങ്ങൾ, ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്ദർശിച്ച് പ്രശ്നങ്ങളും ആവശ്യങ്ങളും കണ്ടെത്തി തദ്ദേശ സ്ഥാപനങ്ങളുടെയും ഇതര വകുപ്പുകളുടെയും സഹായത്തോടെ പദ്ധതി രൂപീകരണം നടത്തുന്നു.<br><br>ഇതോടൊപ്പം തന്നെ വകുപ്പ് നടത്തുന്ന ഇ-സർവേയുടെ ഭാഗമായി ദുരിത സാഹചര്യങ്ങളിൽ കഴിയുന്ന ദുർബല വിഭാഗ കുടുംബങ്ങളുടെ സ്ഥിതി പരിശോധിക്കുന്നുണ്ട് .<br><br>അതിദരിദ്ര കുടുംബങ്ങളെ പൂർണ്ണമായും പരിഗണിച്ച ശേഷം രണ്ടാം ഘട്ടത്തിൽ താഴെപറയുന്ന 8 ക്ലേശ ഘടകങ്ങൾ പരിഗണിച്ച് ഏറ്റവും ദുരിതസാഹചര്യത്തിൽ ജീവിക്കുന്ന കുടുംബങ്ങളെ ഉൾപ്പെടുത്തി ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നു.<br><br>1.സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത കുടുംബം.<br><br>2.വരുമാനം 25,000/- രൂപയോ അതിൽ കുറവോ ഉള്ള കുടുംബം.<br><br>3.അന്ത്യോദയ അന്ന യോജന (AAY) കാർഡ് ഉള്ള കുടുബം.<br><br>4.60 വയസ്സിനു മുകളിൽ പ്രായമുള്ളവർ മാത്രമുള്ള കുടുംബം.<br><br>5.വനിതകൾ മാത്രമുള്ള കുടുംബം.<br><br>6.ഭിന്നശേഷിക്കാർ/കിടപ്പുരോഗികൾ/ മാരകരോഗങ്ങൾ ബാധിച്ചവർ ഉള്ള കുടുംബം.<br><br>7.ഭർത്താവ് നഷ്ടപ്പെട്ട / ഉപേക്ഷിച്ച വനിത കുടുംബനാഥയായ കുടുംബം.<br><br>8.വരുമാനമാർഗ്ഗമില്ലാത്ത കുടുംബം (സാമൂഹ്യ പെൻഷൻ ഒഴികെ) |
| (സി) | പുതിയ കാലത്തിന്റെ വികസന കാഴ്ചപ്പാടിന് അനുഗുണമായ രീതിയിൽ പദ്ധതി പ്രാവർത്തികമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | പുതിയ കാലത്തിനനുസൃതമായ നവീന സാമൂഹ്യ വികസന കാഴ്ചപ്പാടും പരിപ്രേക്ഷ്യവുമാണ് ഹോം പദ്ധതിയുടെ സമീപനത്തിൽ സ്വീകരിച്ചിട്ടുള്ളത്.<br><br>1.NEED BASED APPROACH (ആവശ്യാധിഷ്ഠിത സമീപനം.) |

നിലവിലുള്ള പദ്ധതികൾ ഗുണഭോക്താക്കൾക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്ന സാമ്പ്രദായിക പദ്ധതി നിർവഹണ രീതിയിൽ നിന്നും വ്യത്യസ്തമായി ദരിദ്ര കുടുബങ്ങളിൽ ചെന്ന് അവരുടെ ആവശ്യങ്ങൾ മനസിലാക്കി അവരുടെ പ്രശ്നങ്ങൾക്കും ആവശ്യങ്ങൾക്കും പരിഹാരമാകും വിധം പര്യാപ്തമായ പദ്ധതി ആസൂത്രണം വിഭാവനം ചെയ്യുന്നു.

2.PARTICIPATORY APPROACH:-

(പങ്കാളിത്താധിഷ്ഠിത സമീപനം)

കുടുംബങ്ങൾക്ക് ആവശ്യമായ പദ്ധതികൾ രൂപപ്പെടുത്തുന്നതിൽ ഉദ്യോഗസ്ഥർക്കൊപ്പം തന്നെ ഗുണഭോക്തൃ കുടുംബങ്ങൾക്കും തദ്ദേശ സ്ഥാപന ജനപ്രതിനിധികൾക്കും കുടുംബശ്രീ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്കും ആസൂത്രണത്തിൽ സുവ്യക്തമായ ഇടം പങ്കുവെക്കുന്നതിൽ ഹോം പദ്ധതി സൂക്ഷ്മത പുലർത്തുന്നു. പട്ടികവിഭാഗത്തിൽ നിന്നുള്ള MSW ബിരുദധാരികളായ കമ്മ്യൂണിറ്റി സോഷ്യൽ വർക്കർമാരും പ്രൊമോട്ടർമാരും ഈ ആസൂത്രണ പ്രക്രിയയുടെ ഭാഗമാകുന്നു.

3.PREVENTIVE - PROTECTIVE - PROMOTIVE APPROACH

സാമൂഹ്യ വികസനത്തിലെ നൂതന സമീപനമായ PREVENTIVE - PROTECTIVE - PROMOTIVE APPROACH ഈ പദ്ധതിയിൽ ഉൾച്ചേർക്കുന്നു.

ഓരോ കുടുബത്തിനും സാമൂഹ്യമായ ചൂഷണങ്ങളെയും ആരോഗ്യ മാനസിക വെല്ലുവിളികളെയും പ്രതിരോധിക്കു ന്നതിനും സാമൂഹ്യവും നിയമപരവുമായ സുരക്ഷ ഒരുക്കുന്നതിനും വിദ്യാഭ്യാസ തൊഴിൽ ശാക്തീകരണത്തിലൂടെയും അറിവുകളുടെ പങ്കുവെക്കലുകളിലൂടെയും മുഖ്യധാരാ സാമൂഹ്യ വ്യവസ്ഥയിൽ ക്രിയാത്മക സാന്നിധ്യമാകുവാനും പാർശ്വവൽക്കരണങ്ങളെ അതിജീവി ക്കുന്നതിനും അതിദുർബല കുടുംബങ്ങൾക്ക് അവസരം ഒരുക്കുന്നതിനുമാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ